72 (536) സ്റ്റേറ്റ് ഹൈവേകളുടെ എണ്ണം

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മൊത്തം എത്ര സ്റ്റേറ്റ് ഹൈവേകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്റ്റേറ്റ് ഹൈവേയുടെ മാനദണ്ഡം അനുസരിച്ച് റോഡിന് എത്ര മീറ്റർ വീതി വേണമെന്നാണ് നിബന്ധനയുള്ളത്;

(സി) എങ്കിൽ ഈ നിബന്ധനകൾ പാലിച്ചിട്ടില്ലാത്ത എത്ര സ്റ്റേറ്റ് ഹൈവേകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 61 എണ്ണം.

(ബി) സ്റ്റേറ്റ് ഹൈവേ മാനദണ്ഡമനുസരിച്ച് 30 മീറ്റർ വീതിയിൽ സ്ഥലവും, കുറഞ്ഞത് 7 മീറ്റർ വീതിയിൽ ടാർ ചെയ്ത ഭാഗവും ഉണ്ടായിരിക്കണം.

(സി) സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കപ്പെട്ട പല റോഡുകളേയും ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേയ്ക്ക് എത്തിക്കാനുള്ള നടപടികൾ എടുത്തുവരികയാണ്.

73 (537) പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗ്

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗിൽ ഇപ്പോൾ നിലവിൽ എത്ര ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതൊക്കെ; ഈ വിഭാഗത്തിന്റെ ഭരണ സംവിധാനം വ്യക്തമാക്കുമോ;

(ബി) പി.ഡബ്ല്യു.ഡി.ഡിസൈൻ വിംഗിൽ ലഭിക്കുന്ന ഡിസൈൻ ചെയ്യാനുള്ള വർക്കുകൾ ഡിസൈൻ ചെയ്തു നൽകുവാൻ എത്ര നാൾ എടുക്കും;

(സി) ഇപ്പോൾ ഡിസൈൻ വിംഗിൽ ഡിസൈൻ തയ്യാറാക്കുന്നതിന് അനുവദിച്ച എത്ര വർക്കുകളുടെ ഡിസൈൻ തയ്യാറാക്കാൻ ബാക്കി കിടക്കുന്നു; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വിംഗിന്റെ പ്രവർത്തനങ്ങൾക്കായി ജീവനക്കാരുടെ ശമ്പളം, യാത്ര ഉൾപ്പെടെ പ്രതിവർഷം എത്ര രൂപ ചെലവ് വരും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡിസൈൻ വിംഗിൽ 101 ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നുണ്ട്. ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ താഴെ പറയുന്നവയാണ്.

1. ജോയിന്റ് ഡയറക്ടർ	1 എണ്ണം
2. ഡെപ്യൂട്ടി ഡയറക്ടർ	3 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly